**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചാർജ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചില സ്വകാര്യ ആശുപത്രികളിൽ കോവിഡ് ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ച പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ പത്രപരസ്യം എസ്.എച്ച്.എ കേരളത്തിലെ എല്ലാ പത്രങ്ങളിലും നൽകിയിരുന്നു. പ്രസ്തുത പരസ്യത്തിൽ ചികിത്സാ നിരക്ക്, പരാതിപരിഹാര സംവിധാനങ്ങളുടെ വിവരം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ചികിത്സാ നിരക്ക് നിജപ്പെടുത്തിയതോടൊപ്പം അമിതചികിത്സ ഏതെങ്കിലും ആശുപത്രികൾ ഈടാക്കിയാൽ രോഗികൾക്കു പരാതിപ്പെടാനുള്ള ജില്ലാ പരാതി പരിഹാര സംവിധാനത്തിനും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിക്കും രൂപം നൽകി. |
| (ബി) | സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി പ്രവർത്തിച്ച സ്വകാര്യ ആശുപത്രികൾക്കെതിരെ ചിലർ കോടതിയെ സമീപിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഐ.എം.എ. പോലുള്ള സംഘടനകൾ സ്വകാര്യ ആശുപത്രികളിലെ ചാർജ്ജ് നിരക്കുകൾ നിശ്ചയിക്കുന്നതിനെതിരായ വാദമുഖങ്ങൾ | (സി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ ബഹു.ഹൈക്കോടതിയെ |

| | | | |
|---|---|---|---|
| | ഉന്നയിച്ചിരുന്നോ; ഇതിന്മേൽ കോടതിയുടെ നിരീക്ഷണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | | സമീപിച്ചിരുന്നുവെങ്കിലും ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് നിലവിൽ അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ